# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കല്ലൂർകാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി-8)1215/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/10/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലൂർകാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലൂർകാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലൂർകാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി-8)1215/2023 തീയ്യതി: 07/10/2023

## എറണാകുളം ജില്ലയിലെ കല്ലൂർകാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കല്ലൂർകാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-07-2023 | 27-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-07-2023 | 27-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ധീരജ് ജെ.,ഓഡിറ്റ് ഓഫീസർ

ശ്രീ ഹരീഷ് ബാബു എൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അനീഷ് ടി എസ്,ഓഡിറ്റർ

ശ്രീ നബീൽ മുഹമ്മദ് അബ്ബാസ്

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോർജ് ഫ്രാൻസിസ് തെക്കേക്കര | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഷൈജു വർഗ്ഗീസ് | സെക്രട്ടറി | 01-04-2022 | 06-10-2022 |
| ശ്രീ.മാത്യു കെ ടി | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഹസീന പി മൊയ്തീൻ | അസി. സെക്രട്ടറി | 01-04-2022 | 03-11-2022 |
| ശ്രീമതി.രമണി എം ടി | അസി. സെക്രട്ടറി | 04-11-2022 | 31-03-2023 |
| ഡോ ബ്ലെസി പോൾ | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ആഷാ അബ്രഹാം | വെറ്ററിനറി സർജൻ | 01-04-2022 | 31-05-2022 |
| ഡോ. വിക്ടോ ജൂബിൻ വർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-06-2022 | 24-09-2022 |
| ഡോ. കൃഷ്ണപ്രിയ | വെറ്ററിനറി സർജൻ | 25-09-2022 | 31-03-2023 |
| ഡോ. സംഗീത പി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 15-06-2022 |
| ഒഴിവ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 16-06-2022 | 23-06-2022 |
| ഡോ. ഇന്ദിര | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 24-06-2022 | 31-03-2023 |
| ശ്രീമതി.ലിൻസി ജോൺ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.അശ്വതി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 03-01-2023 |
| ഒഴിവ് | ഐസിഡിഎസ് സൂപ്പർവൈസർ | 04-01-2023 | 26-01-2023 |
| ശ്രീമതി.ലിജി പി എ | ഐസിഡിഎസ് സൂപ്പർവൈസർ | 27-01-2023 | 31-03-2023 |
| അശ്വതി റ്റി വാസു | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ദിവ്യ.എസ് | ഡയറി എക്സ്റ്റൻഷൻ | 01-04-2022 | 22-07-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി.ആതിര ചന്ദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 23-07-2022 | 31-03-2023 |
| ശ്രീ.ഷിനോജ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 19-08-2022 |
| ശ്രീ.ലെനിൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 20-08-2022 | 15-12-2022 |
| ശ്രീമതി.ഷിജി | ഓവർസിയർ(അസിസ്റ്റന്റ് എഞ്ചിനിയറുടെ അധിക ചുമതല) | 16-12-2022 | 13-03-2023 |
| ശ്രീമതി.ഹരിപ്രിയ | അസിസ്റ്റന്റ് എഞ്ചിനിയർ | 14-03-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയില്ല | 1-1-1 |
| 3 | അക്കൗണ്ടിന്മേലുള്ള കുറിപ്പുകളായി ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വിവിധ ആവശ്യങ്ങൾക്ക് ലഭിച്ച തുക വിനിയോഗിക്കുകയോ വിനിയോഗിക്കാത്ത തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല | 1-1-5 |
| 7 | മുൻകൂർ തുകയുടെ കണക്കുകൾ | 1-1-6 |
| 8 | Excess Income Over Expenditure-നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വസ്തു നികുതി-വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ്, എന്നിവ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | എയിംസിൽ സബ്മിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ അപാകത | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തികവിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | വസ്തു നികുതി - അപാകതകൾ | 1-11 |
| 21 | കടമുറികളുടെ വാടക – അപാകതകൾ | 1-12 |
| 22 | തനത് വരുമാനം - അവലോകനം | 1-13 |
| 23 | വിനിയോഗ വിവരം (ഐ.കെ.എം.) ലഭ്യമാക്കിയിട്ടില്ല | 1-14 |
| 24 | എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-15 |
| 25 | വഴിയാഞ്ചിറ പദ്ധതിയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-16 |
| 26 | സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ് യഥാസമയം അടവാക്കിയില്ല, സംയുക്ത പരിശോധന നടന്നിട്ടില്ല | 1-17 |
| 27 | തെരുവ് വിളക്ക് പരിപാലനം- പദ്ധതി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ | 1-18 |

| | | |
|---|---|---|
| 28 | വെൻഡിങ്, ഡിസ്പോയർ നാപ്കിൻ മെഷീൻ സ്ഥാപിക്കൽ സംബന്ധിച്ച് | 1-19 |
| 29 | കാരുണ്യസ്പർശം - ഡയാലിസിസ് ചികിത്സ പദ്ധതി - വിനിയോഗ വിവരം ലഭ്യമായിട്ടില്ല | 1-20 |
| 30 | ജലസേചന പമ്പ് സെറ്റ് വിതരണം പദ്ധതി - നിർവഹണത്തിൽ അപാകത. | 1-21 |
| 31 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നവാങ്ങൽ പദ്ധതി സംബന്ധിച്ച് | 1-22 |
| 32 | പഴയ സാധനങ്ങൾ ലേലം ചെയ്തില്ല. | 1-23 |
| 33 | ടേയ്ക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം-പ്രവർത്തന ക്ഷമമാക്കിയിട്ടില്ല | 1-24 |
| 34 | മണിയന്ത്രം ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി-അപാകതകൾ | 1-25 |
| 35 | കാലിവീപ്പവില ക്രമീകരിക്കേണ്ടതാണ് | 1-26 |
| 36 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-27 |
| 37 | പശ്ചാത്തലമേഖലയിൽ ആവിഷ്കരിച്ച പ്രോജക്ടുകൾ മുഴുവൻ നടപ്പാക്കിയില്ല | 1-28 |
| 38 | സാമൂഹ്യസുരക്ഷാപെൻഷൻ | 1-29 |
| 39 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വിവരം സംബന്ധിച്ച് | 1-30 |
| 40 | ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തുക തിരികെ അടച്ചതിന്റെ വിവരം | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

(I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.06.2023 ലെ 5(1)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 01.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2022-23 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

(ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

(iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം
തീയതി : 07.10.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 അക്കൗണ്ടിന്മേലുള്ള കുറിപ്പുകളായി ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(ഇ) പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ അക്കൗണ്ടിൻമേലുള്ള കുറിപ്പുകളായി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇവ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ) പ്രകാരം പ്രോജക്ടുകൾ മുഖേന സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

### 1-1-4 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Net Increase In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് -1052244 രൂപയാണ്. എന്നാൽ Net Cash Generated By Operating+Investing+Financing Activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് -8082340 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഈ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-5 വിവിധ ആവശ്യങ്ങൾക്ക് ലഭിച്ച തുക വിനിയോഗിക്കുകയോ വിനിയോഗിക്കാത്ത തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല

വിവിധ ആവശ്യങ്ങൾക്ക് ലഭിച്ച തുക വിനിയോഗിക്കുകയോ വിനിയോഗിക്കാത്ത തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.

| Code | Particular | തുക |
|---|---|---|
| 320100199 | Grant For Keralolsavam | 1430 |
| 320190198 | Grant From Suchithwa Mission | 426894 |
| 320700205 | Contribution For Joint Venture Project District Panchayat | 73959 |
| 320700405 | Contribution For Other Specific Purpose District Panchayat | 767194 |
| 320700105 | Contribution For Joint Venture Project District Panchayat | 26963 |
| 320700204 | Contribution For Joint Venture Project Block Panchayat | 56532 |

### 1-1-6 മുൻകൂർ തുകയുടെ കണക്കുകൾ

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ ബി-9 Other Liabilities എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 64550 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 54750 |
| 3 | വസ്തു നികുതി | 350410104-Advance Collection Of Revenues-Property Tax On Non Residential Buildings | 31050 |
| | | 350410101-Advance Collection Of Revenues-Property Tax On Residential Buildings | 37619 |

### 1-1-7 Excess Income Over Expenditure-നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

B-1 ഷെഡ്യൂൾ പ്രകാരം Excess Income Over Expenditure ഉൾപ്പെട്ട തുക ട്രയൽ ബാലൻസിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-8 വസ്തു നികുതി-വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ്, എന്നിവ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി-വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ്, എന്നിവ പൊരുത്തപ്പെടുന്നില്ല ഉദാ:-

| Demand Residential(C) | | Collection Residential(C) | |
|---|---|---|---|
| 1059032 | 1059032 | Adv.<br>Curr. | 21243<br>1021849 |
| Total | 1059032 | | 1043092 |
| Library Cess ഉൾപ്പെടെ 16737/-രൂപയാണ് എന്നാൽ ബാലൻസ് ഷീറ്റിൽ കിട്ടാൻ ബാക്കി 27710/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. | | | |

| Demand Non Residential(C) | | Collection Non Residential(C) | |
|---|---|---|---|
| 1415264 | 1415264 | Adv.<br>Curr. | 10447<br>1328325 |
| Total | 1415264 | | 1338772 |

Library Cess ഉൾപ്പെടെ 80316/-രൂപയാണ് എന്നാൽ ബാലൻസ് ഷീറ്റിൽ കിട്ടാൻ ബാക്കി 86853/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-9 എയിംസിൽ സബ്മിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ അപാകത

ഗ്രാമപഞ്ചായത്ത് സമർപ്പിച്ച 2022-23 ലെ വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

| | എയിംസിൽ സബ്മിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രിക പ്രകാരം | യഥാർത്ഥത്തിലുള്ള തുക (ഹാർഡ് കോപ്പി, ഐ.എൽ.ജി.എം.എസ്.-ൽ സബ്മിറ്റ് ചെയ്ത തുക) |
|---|---|---|
| മുന്നിരിപ്പ് | 9111948.00 | 9111948.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 51331070.00 | 21109561.00 |
| ആകെ | 60443018.00 | 30221509.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 52383314.00 | 22161805.00 |
| നീക്കിയിരിപ്പ് | 8059704.00 | 8059704.00 |

മേൽ അപാകതയ്ക്ക് ഉചിതമായ മറുപടി നൽകുവാൻ ഓഡിറ്റ് എൻക്വയറി (നം.26/27.07.2023) മുഖേന ആവശ്യപ്പെട്ടതിന് വാർഷിക ധനകാര്യ പത്രിക തിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതാണ്.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 21.03.2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 09.03.2023 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 3-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

| | 2022-2023 പുതുക്കിയ ബജറ്റ് പ്രകാരം | 2022-2023 വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | 2460890.00 | 9111948.00 |
| വരവ് | 146456443.00 | 51331070.00 |
| ആകെ | 148917333.00 | 60443018.00 |
| ചെലവ് | 147862393.00 | 52383314.00 |
| നീക്കിയിരുപ്പ് | 1054940.00 | 8059704.00 |

### 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9111948.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 51331070.00 |
| ആകെ | 60443018.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 52383314.00 |
| നീക്കിയിരിപ്പ് | 8059704.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (എസിആർ പ്രകാരം) | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 7613071 | 7613071 | 7029441(*) | 736230 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2075886 | 2075886 | 1588070 | 487816 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 109384 | 109384 | 98000 | 11384 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 16439000 | 16439000 | 13008949 | 3430051 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 4570000 | 4570000 | 3816868 | 753132 |
| ധനകാര്യകമ്മീഷൻ അവാർഡ് (UnTied) – ഇ-ഗ്രാം | 1349312 | 1667643 (പലിശ-78643) | 3016955 | 2763712(**) | 253243 |
| ധനകാര്യകമ്മീഷൻ അവാർഡ് (UnTied) – ട്രഷറി | 0 | 121791 | 121791 | 0 | 121791 |
| ധനകാര്യകമ്മീഷൻ അവാർഡ് (Tied) – ഇ-ഗ്രാം | 506984 | 2384000 | 2890984 | 1801638(***) | 1089346 |
| ധനകാര്യകമ്മീഷൻ അവാർഡ് (Tied) – ട്രഷറി | 0 | 1200298 | 1200298 | 683403 | 516895 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | |
| ഐസിഡിഎസ് | 10348 | 763213 | 773561 | 759238 | 14323 |
| സംസ്ഥാവാവിഷ്കൃതഫണ്ട്- | | | | | |
| കേരളോത്സവം | 1430 | - | 1430 | - | 1430 |
| പശ്ചിമഘട്ട വികസന പദ്ധതി | 200000 | - | 200000 | - | 200000 |
| നിർമ്മൽ പുരസ്കാരം | 101204 | - | 101204 | - | 101204 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 426894 | - | 426894 | - | 426894 |

1.* വികസന ഫണ്ട് (ജനറൽ) എസിആർ പ്രകാരമുള്ള ചെലവ് 7029441/- ആണ് ഇതിൽ 152600/-ബിൽ പാസ്സാകാത്ത തുകയാണ്. ആകെ ചെലവിൽ 1525929/-രൂപ ജി.ഒ. പ്രോജക്ട് + 6876841/- എസിആർ പ്രകാരമുള്ള ചെലവും ഉൾപ്പെടെ സുലേഖ ചെലവുപത്രിക പ്രകാരമുള്ള ആകെ ചെലവ് 8402770/-ആണ്.

2.** ACR ലെ ചെലവുമായുള്ള വ്യത്യാസം 2829609-65904+7 = 2763712/- (പെർഫോമൻസ് ഗ്രാന്റിലേക്ക് മാറ്റിയ ചെലവ്-55464/-പാസ്സാകാത്ത ബിൽ തുക-10440/-, ആകെ-65904/-, 7/-രൂപ ബാങ്ക് ചാർജ്.)

3.*** ACR ലെ ചെലവുമായുള്ള വ്യത്യാസം 2778408-293367-683403 = 1801638/- (ട്രഷറിയിൽ നിന്ന് മാറിയത് 683403/- പാസ്സാകാത്ത ബിൽ തുക - 293367/- ആകെ 976770/-)

4. ബി17 നീക്കിബാക്കി വ്യത്യാസം റിക്കവറി തുകയായ 28454/- ആണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 139 | 73464501 | 114 | 0 | 37732813 | 25 | 114 | 82% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 51 | 1197104 | 1197155 | 1196860 | 295 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (റവന്യൂ-മൂലധന ചെലവുകൾ ഉൾപ്പെടെ) | 0 | 14638786 | 14638786 | 14638786 | 0 |
| | 51 | 15835890 | 15835941 | 15835646 | 295 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപെൻഷൻ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | 2000000 | 179 |
| വാർദ്ധക്യകാലപെൻഷൻ | 13684600 | 1335 |
| വിധവാപെൻഷൻ | 3311800 | 355 |
| വികലാംഗപെൻഷൻ | 1666600 | 153 |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 457600 | 46 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2023 തീയതിയിൽ ഉച്ചയ്ക്ക് 2.45 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹2500 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. മരാമത്ത് പ്രവൃത്തികളുടെ യഥാസമയമുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല.
4. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
5. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

6. സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ വിതരണവുമായി ബന്ധപ്പെട്ട് കൃത്യമായ മസ്റ്ററിംഗ് യഥാസമയം ചെയ്യപ്പെടാത്തതുമൂലം പല ഗുണഭോക്താക്കൾക്കും മരണശേഷവും അവരുടെ അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക നൽകിയിട്ടുണ്ട്.
7. ഉപയോഗിക്കുന്ന തെരുവ് വിളക്കുകൾക്കനുസൃതമായല്ല കറന്റ് ചാർജ്ജ് ഈടാക്കുന്നത്. കൂടിയ നിരക്കിൽ കറന്റ് ചാർജ്ജ് ഈടാക്കുന്നത് പഞ്ചായത്തിന് അധിക ചെലവുണ്ടാക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04/03/2022 മുതൽ 08/03/2022 വരെ | 11.01.2020 മുതൽ 30.09.2020വരെ | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.11.2012 മുതൽ 27.11.2012 വരെ | 2007-08 മുതൽ 2011-12വരെ | 10.01.2013 |

## 1-11 വസ്തു നികുതി - അപാകതകൾ

1. വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിന്റെ കാരണം വ്യക്തമല്ല.
2. കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിൻമേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ,വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിൻമേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. എന്നാൽ ചട്ടപ്രകാരമുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.
3. 2022-23 സാമ്പത്തിക വർഷം വിമുക്ത ഭടൻമാർക്ക്/അവരുടെ ഭാര്യമാർക്ക് വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയിട്ടുള്ളതിന്റെ അപേക്ഷകൾ, സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായതിന്റെ രേഖകൾ, നിലവിൽ ഗ്രാമപഞ്ചായത്തിൽ വിവിധ കാരണങ്ങളാൽ നികുതി ഒഴിവാക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ/രേഖകൾ ലഭ്യമല്ല.
4. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)

ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിച്ചതിന്റെയും , തുടർ നടപടിക്രമങ്ങളുടെയും വിവരങ്ങൾ ലഭ്യമല്ല.

5. സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന നടത്തിയ പരിശോധനയിൽ 2-ാം വാർഡിൽ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് നിലനിൽക്കുന്ന ഷാജി.ജെ., കണ്ണിക്കാട്ട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ ലഭ്യമായ വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | ബിൽഡിംഗ് ഐ.ഡി. – ഡോർ നം. | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച:മീ) | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | ഉപയോഗ ക്രമം | ഉടമസ്ഥന്റെ പേര് – വീട്ട് പേര് |
|---|---|---|---|---|---|
| 1 | 50708010000702 – 2/283 | 35.65 | ദ്വിതീയം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | ഷാജി.ജെ. കണ്ണിക്കാട്ട് |
| 2 | 50708010000713 – 2/284 | 23.75 | ---”--- | ---”--- | |
| 3 | 50708010000714 – 2/285 | 23.5 | ---”--- | ---”--- | |
| 4 | 50708010000715 – 2/286 | 23.8 | ---”--- | ---”--- | |
| 5 | 50708010000716 – 2/287 | 24.75 | ---”--- | ---”--- | |
| 6 | 50708010000717 – 2/288 | 434.7 | ---”--- | പാർപ്പിടാവശ്യം | |
| 7 | 50708010000718 – 2/289 | 38.4 | ---”--- | ഈ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കുന്നതിനുള്ള സത്യവാങ്മൂലം ഫയൽ നം. 10001,31.12.20215 | |
| 8 | 50708010000719 – 2/290 | 22.32 | ---”--- | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | |
| 9 | 50708010006125 – 2/290/A | 73.51 | ---”--- | കയർ പിരി ഷെഡ് | |
| 10 | 50708010000720 – 2/291 | 105.6 | ---”--- | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | |
| 11 | 50708010000721 – 2/292 | 22.32 | ---”--- | ലൈവ് സ്റ്റോക്ക് ഷെഡ് | |

എ) മേൽ പട്ടികയിൽ പ്രതിപാദിക്കുന്ന ശ്രീ. ഷാജി.ജെ. ,കണ്ണിക്കാട്ട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ ഉൾപ്പെടെയുള്ള വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കിയില്ല.

ബി) “വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ” എന്ന ഉപയോഗ ക്രമത്തിലുൾപ്പെടുത്തി 40₹ നിരക്കിലാണ് ക്രമ നം. 1,2,3,4,5,10 എന്നിവയിൽ ആകെ 237.05 (35.65 + 23.75 + 23.5 + 23.8 + 24.75 + 105.6) ച.മീ. വിസ്തീർണ്ണത്തിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിച്ചിട്ടുള്ളത്. ആകെ തറ വിസ്തീർണം 237.05 ച.മീറ്റർ ഉണ്ടായിരുന്നിട്ടും 40₹ നിരക്കിൽ ഫീസ് നിശ്ചയിച്ചതിന് കാരണം വ്യക്തമല്ല.

സി) കെട്ടിട നം. 2/290 നം, 2/289-നം (ഫയൽ നം. 10001, 31.12.20215 പ്രകാരം), നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു. ആയതിന്റെ കാരണം വ്യക്തമല്ല.

ഡി) കയർ പിരി ഷെഡ് എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി കെട്ടിട നം. 2/290/എ (തറ വിസ്തീർണം 73.51ച.മീ.) 15₹ നിരക്കിൽ നികുതി നിർണയം നടത്തുന്നതായി രേഖകൾ വ്യക്തമാക്കുന്നു. എന്നാൽ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ 2-ാം വാർഡിൽ കയർ ഫാക്ടറികൾ

ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല എന്നുള്ളത് ലൈസൻസ് രജിസ്റ്ററിൽ നിന്നും വ്യക്തമാണ്. ആയതിനാൽ പ്രസ്തുത ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി നികുതി ഈടാക്കി വരുന്നതിന്റെ കാരണം വ്യക്തമല്ല.

ഇ) മേൽ പട്ടികയിൽ പ്രതിപാദിക്കുന്ന ശ്രീ. ഷാജി.ജെ,കണ്ണിക്കാട്ട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ നിലനിൽക്കുന്നത് സംസ്ഥാന ഹൈവേയോട് ചേർന്നായിരുന്നിട്ടും കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല ദ്വിതീയ മേഖലയായി ഉൾപ്പെടുത്തി ഇളവ് അനുവദിച്ചതിനും, തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ഇളവുകൾ നൽകിയതിന്റെയും കാരണം വ്യക്തമല്ല.

മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 25.07.2023-ൽ നൽകിയ 14-ാം നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിശോധിച്ച് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദവിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

6. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 233,ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് അനുശാസിക്കുന്നു. ഇപ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് UA നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് UA നമ്പർ നൽകി വസ്തുനികുതി ഈടാക്കുന്നില്ല. ആയതിന് വിശദീകരിക്കണം ആവശ്യപ്പെട്ട് 22.07.2023-ൽ നൽകിയ 9-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചട്ട പ്രകാരമുള്ള വസ്തുനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-12 കടമുറികളുടെ വാടക – അപാകതകൾ

വാടക രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ ആകെ 30 കടമുറികളാണ് ഉള്ളത്. 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ 27 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 256,ബൈലോകളും അവയുടെ ലംഘനത്തിനുള്ള ശിക്ഷകളും പ്രകാരം ആക്ടിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബൈലോകൾ ഉണ്ടാക്കാവുന്നതാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട ബൈലോ ഇല്ല. കൂടാതെ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികൾക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നതിന്റെ അടിസ്ഥാനം വ്യക്തമല്ല.

അപാകതകൾ സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളും തീരുമാനങ്ങളും ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 25.07.2023-ൽ നൽകിയ 15-ാം നമ്പർ അന്വേഷണ വകുപ്പിന് ലഭ്യമായ മറുപടിയിൽ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട ബൈലോ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല എന്നാണ്. ആയതിനാൽ അപാകതകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിശദവിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## 1-13 തനത് വരുമാനം - അവലോകനം

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ മൂവാറ്റുപുഴ ബ്ലോക്കിന്റെ പരിധിയിൽ 13 വാർഡുകളിലായി കല്ലൂർക്കാട്,കുമാരമംഗലം വില്ലേജ്(ഭാഗികം),മഞ്ഞള്ളൂർ വില്ലേജ്(ഭാഗികം) എന്നിവ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്താണ് 38.95 ച കി മീ വിസ്തൃതിയുള്ള കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി-നികുതിയേതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ 25/2023/ത.സ്വ.ഭ.വ,തീ.05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുതലാണ്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. അന്തിമ വിജ്ഞാപനം തയ്യാറാക്കിയില്ലായെങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് നോട്ടീസ്, പത്ര പരസ്യം, ആക്ഷേപങ്ങൾ ബോധിപ്പിക്കുന്നതിനുള്ള സമയം നൽകേണ്ടതാണ്. കൂടാതെ പുതുക്കിയ നിരക്കുകളിൽ തന്നെയാണോ സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി നിലവിൽ സ്വീകരിക്കുന്നത് എന്ന് മോണിറ്ററിംഗ് നടത്താവുന്നതാണ്.

2011 ലെ കേരള ഗ്രാമപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് U.A എന്ന രേഖപ്പെടുത്തേണ്ടതും അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷവും രേഖപ്പെടുത്തേണ്ടതാണ്. തദ്ദേശ സ്വയം ഭരണ (ആർ.എ)വകുപ്പ് നം.29342/RA1/2014 തീയതി 19.05.2014 പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനം സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതും ചട്ടലംഘനങ്ങൾ പരിഹരിച്ച ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ച പ്രസ്തുത രജിസ്റ്റർ പരിശോധിക്കേണ്ടതുമാണ്.എന്നാൽ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 233,ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുശാസിക്കുന്നു. ഇപ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് UA നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 ന മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു. ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

തൊഴിൽ നികുതി ഇനത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, റേഷൻ വ്യാപാരികൾ തുടങ്ങിയവർ...), സ്വകാര്യ കോളേജുകൾ, സ്കൂളുകൾ എന്നിങ്ങനെ തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി കൃത്യതയോട് കൂടി തൊഴിൽ നികുതി ഇനത്തിലുള്ള വരുമാനം ഉറപ്പ് വരുത്താവുന്നതാണ്.

അമ്യൂസ്മെന്റ് പാർക്കുകൾ, ടർഫ് കോർട്ട്, ഇൻഡോർ സ്റ്റേഡിയങ്ങൾ, നീന്തൽക്കുളങ്ങൾ, കേബിൾ ടി വി നെറ്റ് വർക്ക്, പ്രദർശന വിപണനമേളകൾ എന്നിവ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉണ്ടാവാറുണ്ട്. ഇവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ഭരണസമിതി തീരുമാനമെടുത്ത് അനുകൂല ഉത്തരവിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുകയും വിനോദ നികുതി ഇനത്തിലുള്ള വരുമാനം ഉറപ്പ് വരുത്താവുന്നതുമാണ്.
തനത് ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി പ്രധാന സ്ഥലങ്ങൾ, കെട്ടിടങ്ങൾ കൂടുതൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ മെച്ചപെടുത്താൻ സാധിക്കുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളിലും വാടക കരാറിന്റെ സമയോചിതമായ പുതുക്കൽ അല്ലെങ്കിൽ വാർഷിക വർദ്ധനവ് സംവിധാനം നടപ്പിലാക്കാൻ ശുപാർശ ചെയ്യുന്നു.
ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവ്വോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നതും ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

## 1-14 വിനിയോഗ വിവരം (ഐ.കെ.എം.) ലഭ്യമാക്കിയിട്ടില്ല

ഐ.കെ.എം.-ന് പഞ്ചായത്ത് വിഹിതമായി നൽകിയ താഴെ പറയുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 54/23 |

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| യു.ടി.ആർ.നം.,തീയതി | RBI2942202100594/20.10.2022 |
| തുക | 36383/- |

തുക അടവാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭിക്കുന്നതുവരെ 36,383/-രൂപ തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാകുന്ന മുറക്ക് അറിയിക്കേണ്ടതാണ്.

### 1-15 എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 55/23 |
| അടങ്കൽ | ₹2,00,000/-(വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹5,00,000/- |
| യു.ടി.ആർ.നം. | RBI2942202100595 /14.10.22 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ യ്ക്ക് കൈമാറിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ)നം.84/22/തസ്വഭവ തീയതി 19.01,2022] പ്രകാരം എസ്.എസ്.കെ.യ്ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ ഡയറക്ടർ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നത് സംബന്ധിച്ച 2022-23 -ലെ വിശദമായ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നത് വരെ 500000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-16 വഴിയാഞ്ചിറ പദ്ധതിയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

വഴിയാഞ്ചിറ കുടിവെള്ള പദ്ധതിക്കായി കറന്റ് കണക്ഷൻ ലഭ്യമാക്കുന്നതിനായി പഞ്ചായത്തിൽ നിന്നും സെക്രട്ടറി കെ.എസ്.ഇ.ബി.യ്ക്ക് താഴെപറയും പ്രകാരം ഡെപ്പോസിറ്റായി തുക നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | പദ്ധതി നം | പദ്ധതിയുടെ വിശദാംശങ്ങൾ | അടങ്കൽ/ചെലവ് തുക | വൗച്ചർനം/ തീയതി |
|---|---|---|---|---|
| 1 | 137/23 | വഴിയാഞ്ചിറ കുടിവെള്ള പദ്ധതിക്കായി കറന്റ് കണക്ഷൻ | 628528/-(ധന. കമ്മീഷൻ അവാർഡ്) | XVFC/2022-23 /P/12-9.3.2023 |

രേഖകളുടെ അഭാവത്തിൽ 628528/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ നിലവിലെ അവസ്ഥ, ചെലവ് ചെയ്ത തുകയുടെ വിനിയോഗ വിവരം എന്നിവ പൂർത്തിയാകുന്ന മുറക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-17 സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ് യഥാസമയം അടവാക്കിയില്ല, സംയുക്ത പരിശോധന നടന്നിട്ടില്ല

നിർവ്വഹണം : സെക്രട്ടറി

സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ് അടയ്ക്കുന്നതിനായി താഴെ പറയുന്ന പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

| പദ്ധതിനം | അടങ്കൽ | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 4/23 | 500000 | 500000 | ധ.ക.അവാർഡ് |
| 4/23 | 813240 | 720477 | എംജി-എൻ.ആർ. |

| വൗച്ചർ നം | തുക |
|---|---|
| XVFC/22-23/P/7, 19.11.22 | 500000/- |
| RBI327251568267/ 22.11.22 | 611470/- |
| RBI0592317718055/27.2.23 | 109007/- |

കേരള വാട്ടർ അതോറിറ്റിയുടെ 2022 ഏപ്രിൽ മാസത്തെ ഡിമാൻഡ് നോട്ടീസിൽ പ്രതിമാസ വെള്ളക്കരമായി 109007/-രൂപയും പുറമെ മുന്നിരിപ്പായി 151687/-രൂപയും 2655/-രൂപ പിഴയുംകൂടി കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 2022 നവംബർ മാസത്തിലെ ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ മുന്നിരിപ്പ് കുടിശ്ശിക, പിഴപലിശ, തൻമാസകരം യഥാക്രമം 987137/-, 19326/-, 109007/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുകകൾ 2022 നവംമ്പറിൽ അടവാക്കിയിട്ടുമുണ്ട്. എന്നാൽ 2022 ഏപ്രിൽ മുതൽ നവംബർ വരെയുള്ള കുടിശ്ശിക തുക നവംബർ വരെ അടവാക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. തുടർന്നുള്ള ബില്ലുകൾ മാർച്ച് വരെ അടവാക്കിയിട്ടുണ്ട്. എന്നാൽ മാർച്ച് മാസത്തെ വെള്ളക്കരം അടവാക്കിയതായി കാണുന്നില്ല. കൂടാതെ ഉപയോഗശൂന്യമായ വാട്ടർ ടാപ്പുകളുടെ വാട്ടർ ചാർജ് അടവാക്കുന്നത് ഒഴിവാക്കുന്നതിനായി സംയുക്ത പരിശോധനക്കുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. മേൽ പരാമർശങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/26.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. യഥാസമയം വെള്ളക്കരം അടവാക്കാതിരുന്നതിനാൽ അധികമായി അടവാക്കേണ്ടിവന്ന പിഴപ്പലിശ 19326/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 തെരുവ് വിളക്ക് പരിപാലനം- പദ്ധതി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ

പദ്ധതി നം : 148/23

പദ്ധതി : തെരുവ് വിളക്ക് മെയിന്റനൻസ്

അടങ്കൽ : 454500/-( ധന.ക.അവാർഡ്)
നിർവ്വഹണം : സെക്രട്ടറി

ചെലവ് : 383112/-

വൗച്ചർ നം.തീയതി : XVFC/2022-23/P/14 തീ. 15.03.2023 – ₹2,92,468/-

XVFC/2022-23/P/21 തീ. 28.03.2023 – ₹ 90,644/-

ആകെ - ₹3,83,112/-

മേൽ പദ്ധതിയുടെ ഫയലിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) ടെൻഡർ പ്രകാരം തെരഞ്ഞെടുത്ത 'ക്രിയേറ്റീവ്കോൺട്രാക്ടേഴ്സിന് 'മേൽ പറഞ്ഞ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) ടെൻഡർ പരസ്യത്തിൽ (10.01.2023-ലെ) തെരുവ് വിളക്ക് മെയിന്റനൻസ് എന്നും വിവിധ ഇനം ബൾബുകളുടേയും വയറിങ്ങ് അനുബന്ധ സാധനങ്ങളുടേയും വിവരങ്ങളാണുള്ളത്. പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്വന്തം ചെലവിൽ പഞ്ചായത്ത് നൽകുന്ന ലൈറ്റ് സ്ഥാപിക്കേണ്ടതാണ് എന്നതാണ് നിബന്ധന. വിവിധ ഇനം സാധനസാമഗ്രികൾ ദർഘാസിൽ കാണിച്ചതെന്തിനാണെന്ന് വ്യക്തമല്ല.

3) കരാറുകാരന്റെ റിപ്പയർ വിവരങ്ങൾ രേഖപ്പെടുത്തിയ വർക്ക് ഷീറ്റിൽ ഓരോ വാർഡിലും വിവിധ പോസ്റ്റുകളിൽ ട്യൂബുകളും മറ്റും റിപ്പയർ ചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റിപ്പയർ തുക എപ്രകാരമാണ് കണക്കാക്കിയതെന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

4) കരാറിൽ വ്യവസ്ഥകൾ ഉൾപ്പെടുത്താത്തതിനാൽ ട്യൂബാണോ, ബൾബാണോ മാറ്റിയിട്ടതെന്നും റിപ്പയർ നിരക്ക് എത്രയെന്നും വ്യക്തമല്ല.

5) റിപ്പയർ രജിസ്റ്റർ,സ്റ്റോക്ക്,ബൾബ് മറ്റ് സാമഗ്രികൾ എന്നിവ ഉൾപ്പെടുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6) ഓഡിറ്റ് വർഷം ലൈറ്റ്, അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത് പഞ്ചായത്താണോ, കരാറുകാരനാണോയെന്ന് വ്യക്തമല്ല.

7) കരാറുകാരൻ പ്രവൃത്തി നടത്തിയതിന്റെ തുക എപ്രകാരമാണ് പഞ്ചായത്ത് കണക്കാക്കിയതെന്നും നൽകിയ ബില്ലിൽ ജി.എസ്.ടി ഉൾപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമല്ല

8) തെരുവ് വിളക്കുകളുടെ രജിസ്റ്റർ (വാർഡ്, പോസ്റ്റ് ഇനം തിരിച്ച്) കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി/ടെൻഡർ ആരംഭിക്കുന്നതിന് മുമ്പ് എത്ര പോസ്റ്റുകൾ, ഇനം, ലൈറ്റുകൾ ഉണ്ടെന്നുള്ള വ്യക്തമായ കണക്കുകൾ ഇല്ല. 2019-20 ൽ രേഖപ്പെടുത്തിയ ഏതാനും ഇനങ്ങൾ ഉൾപ്പെട്ട തെരുവ് വിളക്ക് രജിസ്റ്ററാണ് നിലവിലുള്ളത്.

9) കരാറുകാരൻ സമർപ്പിച്ച റിപ്പയർ ചെയ്ത മൊത്തം ലിസ്റ്റിലെ ലൈറ്റുകളുടെ എണ്ണം, തുക ആരും തന്നെ

സാക്ഷ്യപ്പെടുത്തിയിട്ടില്ല.
മേൽ പറഞ്ഞ ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കുന്നത് വരെ 3,83,112/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-19 വെൻഡിങ്, ഡിസ്പോസർ നാപ്കിൻ മെഷീൻ സ്ഥാപിക്കൽ സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പഞ്ചായത്തിലെ വിവിധ സ്കൂളുകളിലേക്ക് നാപ്കിൻ വെൻഡിങ്<br>മെഷീൻ നാപ്കിൻ ഡിസ്പോസർ സ്ഥാപിക്കൽ . |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം/ വർഷം | 103/23 |
| അടങ്കൽ തുക / ഫണ്ട് | 3,00,000/-രൂപ., (ധ.ക.അവാർഡ്) |
| ചെലവ് തുക/ ബിൽ നം. തീയതി | 2,96,104/-രൂപ., 452084301542828/28.03.23 |

പഞ്ചായത്തിലെ വിവിധ സ്കൂളുകളിലേക്ക് നാപ്കിൻ വെൻഡിങ് മെഷീൻ, നാപ്കിൻ ഡിസ്പോസർ സ്ഥാപിക്കൽ പദ്ധതി പ്രകാരം 7 എണ്ണം വീതം സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ ചേർക്കുന്നു.

1) പദ്ധതി രൂപീകരണ മാർഗ്ഗരേഖ (സ.ഉ. (കൈ) നം.115/2022/ത.സ്വ.ഭ.വ. തീയതി 28.5.2022 ഖണ്ഡിക 6.3.9പ്രകാരം വെൻഡിങ് മെഷീൻ യൂണിറ്റ് സ്ഥാപിക്കുന്ന പ്രോജക്ട് മാത്രമാണ് ഏറ്റെടുക്കാവുന്നത്. എന്നാൽ മേൽപ്പറഞ്ഞ പ്രകാരം ഡിസ്പോസർ മെഷീൻ ഏഴെണ്ണം വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. 14ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ 7.4.6 പ്രകാരം (സ.ഉ.(കൈ)നം.84/2022/ ത.സ്വ.ഭ.വ. തീയതി 19.4.2022) ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമാണ് പ്രസ്തുത പദ്ധതി ഏറ്റെടുക്കാവുന്നത്.

2) സ്ഥലപരിശോധന നടത്തിയതിൽ കല്ലൂർക്കാട് സെൻറ് അഗസ്റ്റിൻസ് ഹയർ സെക്കൻഡറി സ്കൂളിൽ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തി പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന സ്ഥാപനമല്ല. ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വി.എച്ച്.എസ്.ഇ., എന്നിവിടങ്ങളിൽ വെൻഡിങ് മെഷീൻ സ്ഥാപിക്കേണ്ടത് ജില്ലാ പഞ്ചായത്ത്/നഗരസഭാ ഭരണ സ്ഥാപനങ്ങളാണ്.

3) 2 വർഷം വാറന്റിയുണ്ടെങ്കിലും വെൻഡിങ് മെഷിനുകൾ പലതും പ്രവർത്തിക്കുന്നില്ല. ഉദാ. കല്ലൂർക്കാട് സെൻറ് അഗസ്റ്റിൻ എച്ച്.എസ്.എസ്.-ൽ സ്ഥാപിച്ച വെൻഡിങ് മെഷീൻ മാസങ്ങളായി പ്രവർത്തനക്ഷമമല്ല. നിലവിൽ സ്കൂളുകളിൽ നിന്ന് നേരിട്ട് പഴയ രീതിയിലാണ് വിതരണം.

പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/26.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-20 കാരുണ്യസ്പർശം - ഡയാലിസിസ് ചികിത്സ പദ്ധതി - വിനിയോഗ വിവരം ലഭ്യമായിട്ടില്ല

പദ്ധതി നം. 149/23

പദ്ധതി : കാരുണ്യസ്പർശം - ഡയാലിസിസ് രോഗികൾക്ക് ചികിത്സ പദ്ധതി (സംയുക്തം)

നിർവ്വഹണം. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

തുക അനുവദിച്ചത് : സെക്രട്ടറി.

അടങ്കൽ : 117500/- (പ്ലാൻ ഫണ്ട്-ജനറൽ)

ചെലവ് : 28500/-

യു.ടിആർ നം.തീയതി RBI0952393003120/31.03.2023

മേൽ പദ്ധതി സംയുക്തമായി ജില്ലാ പഞ്ചായത്തും, ഗ്രാമ പഞ്ചായത്തും ഉൾപ്പെട്ട നിർദ്ധനരായ രോഗികൾക്ക് ഡയാലിസിസ് ചികിത്സ നൽകുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതാണ്. ജില്ലാ പഞ്ചായത്തിന്റെ കത്ത് പ്രകാരം പഞ്ചായത്ത് വിഹിതമായി നൽകേണ്ടിയിരുന്നത് അറുപത്തിഎണ്ണായിരത്തോളം രൂപയായിരുന്നു. പദ്ധതി നിർവ്വഹണം നടത്തിയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാകുന്നതു വരെ 28500/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-21 ജലസേചന പമ്പ് സെറ്റ് വിതരണം പദ്ധതി - നിർവഹണത്തിൽ അപാകത.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ | 159/23 |
| അടങ്കൽ | 170861/-(വികസനഫണ്ട്-ജനറൽ) |
| ചെലവ് | 170861/- |
| ബിൽനം. | 452094901352435/15.03.23 |

ജലസേചന പമ്പ് സെറ്റ് വിതരണത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്കൊപ്പം താഴെ ചേർത്തിരിക്കുന്ന രണ്ടുപേർ ഗ്രാമസഭ, ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

| പേര്, വിവരങ്ങൾ | അനുവദിച്ച തുക |
|---|---|
| സതീഷ് ചന്ദ്രൻ, കീച്ചേരിയിൽ. | 8925/- |
| ഫിലോമിന ജോസഫ്, ചെറിയമാക്കേൽ. | 13165/- |

ഗ്രാമസഭാ ഭരണസമിതി അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നല്കുവാൻ വ്യവസ്ഥയില്ല. ആയതിനാൽ ആനുകൂല്യം നൽകിയത് അംഗീകരിക്കുന്നില്ല. മേൽപ്പറഞ്ഞ ന്യൂനത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.25/26.7,2023)മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹22,090/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം/ വർഷം | 1/23 |
| അടങ്കൽ തുക / ഫണ്ട് | 1,50,000/-രൂപ., മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ യു.ടിആർ. നം തീയതി | 150,000/- രൂപ., മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)RBI0702348149457/10.03.2023 |

2022-23 വർഷം ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ടിനായി ആകെ ₹150,000/- സെക്രട്ടറി മുഖാന്തിരം ചെലവഴിച്ചെങ്കിലും മരുന്നുകളൊന്നും ഹോമിയോ ഡിസ്പെൻസറിയിൽ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നത് വരെ ₹150,000/- യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-23 പഴയ സാധനങ്ങൾ ലേലം ചെയ്തില്ല.

| | |
|---|---|
| പ്രോജക്ട് | പത്തകുത്തി വെറ്ററിനറി സബ്സെന്റർ മെയിന്റനൻസ്,73/23 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| കരാറുകാരൻ | അഷ്റഫ് പി ഇ |
| അടങ്കൽ തുക | 3,80,002/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| എഗ്രിമെന്റ് തീയതി | 02/AE/LID&EW/KKD2022-23,dated 07.10.2022 |
| ചെലവ് വിവരം | 3,79,997/- |
| ബിൽ നമ്പർ/തീയതി | 250/20.03.2023 |

ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനമായ വെറ്ററിനറി സബ്സെന്റർ മെയിന്റനൻസ് നടത്തുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. മുൻപ് അവിടെ ഉണ്ടായിരുന്ന വെറ്ററിനറി സബ്സെന്റർ കെട്ടത്തിന്റെ ഓടുകൾ മാറ്റി ജി ഐ ഷീറ്റ് ഇടുന്നതിനും,ഫാൾസ് സീലിംഗ് ചെയ്യുന്നതിനും,സെറാമിക്ക് ടൈൽ വിരിയ്ക്കുന്നതിനുമാണ് ഉദ്ദേശിച്ചിരുന്നത്. എസ്റ്റിമേറ്റ് പ്രകാരം പ്രോജക്ട് നടപ്പാക്കുകയുണ്ടായി. എന്നാൽ 93.84m2 ഓടുകൾ പൊളിച്ചുമാറ്റിയത് ലേലം ചെയ്തിട്ടില്ല. ആയവ സബ്സെന്ററിന്റെ അടുത്ത് തന്നെ സ്റ്റാക്ക് ചെയ്തിരിക്കുകയാണെന്ന് ഓഡിറ്റ് ടീം 21.07.2023 ൽ നടത്തിയ പരിശോധനയിൽ വ്യക്തമാവുകയുണ്ടായി. ഈ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.11/22.07.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. വെറ്ററിനറി സബ്ബ് സെന്ററിന് സമീപം തന്നെ സ്റ്റോക്ക് ചെയ്തിട്ടുള്ള ഓടുകൾ എത്രയും വേഗം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ടേയ്ക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം-പ്രവർത്തന ക്ഷമമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ടേയ്ക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം കല്ലൂർ, 24/23 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | മൻസൂർ പി എം |
| അടങ്കൽ തുക | 2,00,380/- (കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്) |
| എഗ്രിമെന്റ് തീയതി | 30/AE/LID&EW/2022-23,dated 01.03.2023 |
| ചെലവ് വിവരം | 1,92,399/- |
| ബിൽ നമ്പർ/തീയതി | 358/29.03.2023 |

ഗ്രാമപഞ്ചായത്തിലെ കല്ലൂർ ബസ് സ്റ്റാൻഡിന് സമീപമുള്ള സ്ഥലത്ത് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനായി യാത്രക്കാർക്കായി സ്ഥാപിച്ചതാണ് ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം. സംസ്ഥാന സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾക്ക് വരുമാനവും,തദ്ദേശീയരായ ജനങ്ങൾക്ക് തൊഴിലും നൽകുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. തൻ വർഷം നിർമ്മിച്ച ഈ കെട്ടിടത്തിൽ ഒരു ശുചിമുറിയും,3 യൂറിനലുകളുമാണ് സ്ഥാപിച്ചത്. പദ്ധതി നടത്തിപ്പിനായി സ.ഉ.(സാധാ)നം.1401/2020/ ത.സ്വ.ഭ.വ തീയതി 27.07.20 പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണമായും കൈവരിയ്ക്കാനായിട്ടില്ല എന്ന് ഓഡിറ്റ് ടീം 21.07.2023ൽ നടത്തിയ പരിശോധനയിൽ ബോധ്യമാവുകയുണ്ടായി. നിലവിൽ ഈ ബസ്സ്റ്റാൻഡ് പ്രവർത്തന ക്ഷമമല്ല. ബസുകൾ സ്റ്റാൻഡിൽ കയറാതെ വരുന്നതോടെ യാത്രികർ ആരും തന്നെ ഈ സൗകര്യം ഉപയോഗിക്കില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഉദ്ഘാടനം ചെയ്ത് ദിവസങ്ങൾ പിന്നിട്ടുവെങ്കിലും നാളിതു വരെയും ഈ കെട്ടിടം പ്രവർത്തന ക്ഷമമാക്കിയിട്ടുമില്ല. ഇത്തരത്തിൽ ആർക്കും പ്രയോജനപ്പെടാത്ത രീതിയിലും,സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും പ്രോജക്ട് നടപ്പാക്കിയതിന് ഉചിതമായ മറുപടി നൽകുവാൻ ഓഡിറ്റ് എൻക്വയറി(നം.07/22.07.2023)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഈ കെട്ടിടത്തിന്റെ ചില ചിത്രങ്ങൾ താഴെ ചേർക്കുന്നു.

| ചിത്രം 1 | ചിത്രം 2 |
|---|---|
|  |  |

സർക്കാർ മാർഗ നിർദ്ദേശ പ്രകാരം ഈ കെട്ടിടം ജനങ്ങൾക്ക് ഉപയോഗ പ്രദമാകും വിധത്തിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 മണിയന്ത്രം ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി-അപാകതകൾ

| | |
|---|---|
| പ്രോജക്ട് | മണിയന്ത്രം ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി,41/23 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| കരാറുകാരൻ | സാജു തോമസ് |
| അടങ്കൽ തുക | 300000/-(കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്) |
| എഗ്രിമെന്റ് തീയതി | 52/AE/LID&EW/KKLD/2022-23,dated 28.03.2023 |
| ചെലവ് വിവരം | 74909/- |
| ബിൽ നമ്പർ/തീയതി | 368/31.03.2023 |

കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ഗ്രാമപഞ്ചായത്തിലെ ലക്ഷം വീട് കോളനിയിലെ 28 ഗുണഭോക്താക്കൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടത്. ഓഡിറ്റ് ടീം 22.07.2023ൽ നിർവ്വഹണോദ്യോഗസ്ഥയുമായി നടത്തിയ സ്ഥല പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1) കടിവെള്ള പദ്ധതിയ്ക്കായി മുൻവർഷം 5000 ലിറ്റർ വാട്ടർ ടാങ്ക് വാങ്ങിയിരുന്നു. എന്നാൽ വാട്ടർ ടാങ്ക് ഉപയോഗിക്കാതെ ഒരു ഭാഗത്തേയ്ക്ക് മാറ്റി വെച്ചിരിക്കുകയാണ്. കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിനുള്ള ബേസ്മെന്റ് നിർമ്മിച്ചിട്ടുണ്ടെങ്കിലും ആയതിന്മേൽ അല്ല ടാങ്ക് വച്ചിട്ടുള്ളത്. തൊട്ടടുത്ത വിജനമായ സ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട നിലയിലാണ് ടാങ്ക് കാണപ്പെട്ടത്.

ചിത്രം 1



ചിത്രം 2



ചിത്രം 3




2) മോട്ടോർ ഷെഡ് നിർമ്മിച്ചിട്ടുണ്ടെങ്കിലും മോട്ടോർ പമ്പോ,ഇലക്ട്രിഫിക്കേഷനോ അനുബന്ധ പ്രവൃത്തികളോ നടപ്പാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് ഉചിതമായ മറുപടി നൽകുവാൻ ഓഡിറ്റ് എൻക്വയറി (നം.08/22.07.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഈ കുടിവെള്ള പദ്ധതി പ്രവർത്തന ക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 കാലിവീപ്പവില ക്രമീകരിക്കേണ്ടതാണ്

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ (പി ) നം. 177/2006 നമ്പർ ഉത്തരവിലെ ഖണ്ഡിക 10 പ്രകാരം,(തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ കൂടി കാണുക) കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ടാറിംഗ്/റീ-ടാറിംഗ് പ്രോജക്ടുകളുടെ ബില്ലിൽനിന്ന് കാലിവീപ്പ വില ഈടാക്കിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

സർക്കാരിലേക്ക് ഒടുക്കേണ്ട തുക ഗ്രാമപഞ്ചായത്ത് ഫണ്ടിന്റെ ഭാഗമാക്കിയ നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത പ്രോജക്ടുകൾക്കുവേണ്ടി വികസന ഫണ്ട് / ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ ബാരൽ വില യഥാക്രമം 3604-911-Deduct Recoveries Of Overpayments/3054-911-Deduct Recoveries Of Overpayments - എന്ന ശീർഷകങ്ങളിലേക്കും, GST ആയതിന്റെ കണക്ക ശീർഷകത്തിലും ഒടുക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.04/22.07.2023)നൽകിയതിന് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് ഉചിതമായ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-27 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8(1) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്-റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan)തയ്യാറാക്കേണ്ടതാണ് എന്നും സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8(2) പ്രകാരം അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്

സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നം.ഐ.ബി-1/141/2017 /ത.സ്വ.ഭ.വ തീയതി 23.08.2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെയും ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെയും വിവരങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.05/22.07.2023)നൽകിയതിന് മറുപടി ലഭിച്ചില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-28 പശ്ചാത്തലമേഖലയിൽ ആവിഷ്കരിച്ച പ്രോജക്കുകൾ മുഴുവൻ നടപ്പാക്കിയില്ല

സുലേഖ ചെലവ് പത്രിക പ്രകാരം 19 സ്പിൽ ഓവർ പ്രോജക്കുകളും 39 പുതിയ പ്രോജക്കുകളുമാണ് പശ്ചാത്തല മേഖലയിൽ(മരാമത്ത്) തൻവർഷം നടപ്പാക്കുവാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇതിൽ 8 സ്പിൽ ഓവർ പ്രോജക്കുകളും 35 പുതിയ പ്രോജക്കുകളും മാത്രമാണ് നടപ്പാക്കാനായത്. 2022-23 സാമ്പത്തിക വർഷം വിവിധ മരാമത്ത് വേലകളുടെ പൂർത്തീകരണത്തിനായി മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ 16439000/-രൂപയും നോൺറോഡ് ഇനത്തിൽ 4570000/-രൂപയുമാണ് കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന് അലോട്ട്മെന്റായി അനുവദിച്ചിരുന്നത്. എന്നാൽ ഇതിൽ യഥാക്രമം 13008949/-രൂപയും 3816868/-രൂപയും മാത്രമാണ് ചെലവഴിച്ചത്. റോഡ് വിഭാഗത്തിൽ 4507629/-രൂപയും നോൺറോഡ് വിഭാഗത്തിൽ 1003285/-രൂപയും വിനിയോഗിക്കാതെ ലാപ്സായി. പശ്ചാത്തല മേഖലയുടെ വികസനത്തിനായി ലഭിക്കുന്ന ഗ്രാന്റ് ഇത്തരത്തിൽ പാഴാക്കി കളയുന്നത് ഉചിതമല്ല. വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.13/22.07.2023)നൽകിയതിന് മറുപടി ലഭിച്ചില്ല. ലഭിക്കുന്ന ഗ്രാന്റ് തുക പൂർണ്ണമായും വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-29 സാമൂഹ്യസുരക്ഷാപെൻഷൻ

ഗ്രാമപഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | മറിയാമ്മ 107080200004 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16.01.2022 | March-2023 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡ് |
| 2 | ത്രേസ്യാമ്മ മത്തായി 107080200742 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 07.12.2021 | March-2023 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡ് |
| 3 | രാജപ്പൻ കുഞ്ഞൻ 1107080200339 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 31.03.2022 | March-2023 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡ് |
| 4 | ജയിംസ് ജോർജ്ജ് 107080201001 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10.04.2022 | March-2023 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡ് |
| 5 | റോസമ്മ ജോസഫ് 107080200926 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14.08.2022 | March-2023 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡ് |

| | | | | | |
|---|---|---|---|---|---|
| 6 | ജാനകി അയ്യപ്പൻ 107080200013 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01.10.2022 | April-2023 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവ് |

സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23.09.2020 ലെ സ.ഉ(എം.എസ്)നം.97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.
ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2/53/2017/ധന. തീയതി 22.01.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട്/പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്. ആയതിനാൽ മറ്റ് പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾ പെൻഷൻ അനധികൃതമായി കൈപ്പറ്റിയത് തിരിച്ചുപിടിക്കുന്നതിന് അതാത് ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് ആയത് സംബന്ധിച്ച് വിവരം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം 10/22.07.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.
ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ സെക്ഷൻ സാമൂഹ്യസുരക്ഷാപെൻഷൻ സെക്ഷനിലേക്ക് ഫയൽ കൈമാറി പെൻഷണറുടെ മരണശേഷം ആക്ടീവായി തുടരുന്ന പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പരാമർശത്തിലുൾപ്പെടെയുള്ള ഗുണഭോക്താക്കളുടെ പേരിൽ അനധികൃതമായി നല്കിയ തുക സർക്കാരിലേക്ക് തിരിച്ചടച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതും,മറ്റ് പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കളുടെ പേരിൽ പെൻഷൻ അനധികൃതമായി നല്കിയത് തിരിച്ചുപിടിക്കുന്നതിന് അതത് ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് ആയത് സംബന്ധിച്ച് വിവരം നൽകി പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വിവരം സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യ നിർണ്ണയ പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2013-14 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ വിവിധ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകകളുടെയും ക്രമീകരിക്കാൻ അവശേഷിക്കുന്നതിന്റെയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നം (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (6) | ചെലവഴിക്കാൻ അവശേ ഷിക്കുന്ന/ ക്രമീകരിക്കാൻ അവശേ ഷിക്കുന്ന തുക (7) |
|---|---|---|---|---|---|---|
| 1 | വലരി കൊച്ചാപ്പ് സ്ട്രീറ്റ് ലൈൻ വലിക്കൽ (129/15) | 2014-15 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 45800/- | 45800/- | 0 |

| | | | | | | |
|---|---|---|---|---|---|---|
| 2 | മാർക്കറ്റിലേക്ക് കറന്റ് എത്തിയ്ക്കൽ | 2014-15 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 18900/- | 18900/- | 0 |
| 3 | പൈപ്പ് ലൈൻ മാറ്റൽ | 2015-16 | കേരള വാട്ടർ അതോറിറ്റി | 599582 | 0 | 599582 |
| 4 | പൊതു ടാപ്പ് കട്ട് ചെയ്യൽ | 2015-16 | കേരള വാട്ടർ അതോറിറ്റി | 97000 | 0 | 97000 |
| 5 | പച്ചക്കറി മാർക്കറ്റ് വൈദ്യുതീകരണം, 140/2016-17 | 2016-17 | പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിംങ്,തൃശ്ശൂർ | 56320 | 0 | 56320 |
| 6 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 167/2016-17 | 2016-17 | കേരള വാട്ടർ അതോറിറ്റി | 25000 | 0 | 25000 |
| 7 | കരുക്കാക്കുന്ന് കുടിവെള്ള പദ്ധതി | 2017-18 | കേരള വാട്ടർ അതോറിറ്റി | 260659 | 260659 | 0 |
| 8 | ഉട്ടമ്പൻതണ്ട് കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 2017-18 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 102000 | 0 | 102000 |
| 9 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2017-18 | കേരള വാട്ടർ അതോറിറ്റി | 175000 | 0 | 175000 |
| 10 | കരുക്കാക്കുന്ന് കുടിവെള്ള പദ്ധതി | 2017-18 | കേരള വാട്ടർ അതോറിറ്റി | 73970 | 0 | 73970 |
| 11 | കല്ലൂർക്കാട് മാർക്കറ്റ്-പച്ചക്കറി സ്റ്റാൾ വൈദ്യുതീകരണം | 2017-18 | പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിംങ്,തൃശ്ശൂർ | 56230 | 0 | 56230 |
| 12 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ,163/20 | 2019-20 | കേരള വാട്ടർ അതോറിറ്റി | 105000 | 0 | 105000 |
| 13 | പൈപ്പ് ലൈൻ നീട്ടൽ ചർണാൽ താഴം മുതൽ കുണ്ടാണിക്കുന്ന് വരെ | 2019-20 | കേരള വാട്ടർ അതോറിറ്റി | 177000 | 0 | 177000 |
| 14 | ചാറ്റുപാറ മുതൽ തോണിക്കുഴി വരെ പൈപ്പ് ലൈൻ നീട്ടൽ | 2021-22 | കേരള വാട്ടർ അതോറിറ്റി | 600000 | 0 | 600000 |
| 15 | 8-ാം വാർഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2021-22 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 75578 | 22801 | 52777 |
| 16 | വഴിയാഞ്ചിറ – മുടിപ്പുറം പൈപ്പ് ലൈൻ നീട്ടൽ | 2021-22 | കേരള വാട്ടർ അതോറിറ്റി | 300000 | 0 | 300000 |
| ആകെ | | | | | | 2419879 |

ഡെപ്പോസിറ്റ് തുക നാളിതു വരെയും ക്രമീകരിക്കാത്തത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനയ്ക്ക് ശുപാർശ ചെയ്യുന്നതാണ്. മേൽ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-31 ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തുക തിരികെ അടച്ചതിന്റെ വിവരം

ഓഡിറ്റ് എൻക്വയറി നം 1/20.7.23, 2/20.7.23, 6/20.7.23, എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് സംഭവിച്ച നഷ്ടം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ₹31,861/- ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക്

അടവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം,ഓഡിറ്റ് എൻക്വയറി നമ്പർ,തീയതി | നഷ്ട തുക | അടവാക്കിയ തുക | രസീത് നമ്പർ/ തീയതി |
|---|---|---|---|
| തൊഴിലുറപ്പ് – മെറ്റീരിയൽ സപ്ലൈ – നിയമാനുസൃത നികുതികൾ ഈടാക്കിയില്ല- 01/20.07.2023 | ₹10,947 | ₹10,947 | 1230000084/ G071002 / 21.07.2023 |
| സ്റ്റോൺ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5 % Voids ന്റെ അളവ് കുറവ് വരുത്തിയില്ല- 02/20.07.2023 | ₹14,485 | ₹14,485 | 1230000086/ G071002 /21.07.2023 |
| എസ്റ്റിമേറ്റ് ഐറ്റം നിരക്ക് നിർണ്ണയിച്ചതിലെ അപാകത – 06/22.07.2023 | ₹6,429 | ₹6,429 | 1230000086/ G071002 /24.07.2023 |
| ആകെ | ₹31,861 | ₹31,861 | |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | ലൈഫ് ഭവനപദ്ധതി – ഭവനരഹിതർക്ക് ഭവനം – ജനറൽ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 86499 | നെൽകൃഷി വികസനം | 86499 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 275000 | പാലിന് സബ്സിഡി | 275000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | ലൈഫ് ഭവനപദ്ധതി – ഭവനരഹിതർക്ക് ഭവനം(എസ്.സി.) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 255000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 255000 | 0 |
| ആകെ | | 1166499 | | 1166499 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 77990 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 77990 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 220000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 220000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 197712 | നെൽകൃഷി വികസനം | 197712 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 250000 | പാലിന് സബ്സിഡി | 250000 | 0 |
| ആകെ | | 745702 | | 745702 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | വൗച്ചർ നം./ തീയതി | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വഴിയാഞ്ചിറ കുടിവെള്ള പദ്ധതിയ്ക്ക് കറന്റ് കണക്ഷൻ ലഭ്യമാക്കൽ | 628528 | 15/22-23 9.3.23 | 0 | 628528 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2021-22 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി KURDFC | സ. ഉ. (കൈ) 68/2018/ ത.സ്വ.ഭ.വ., തീ. 18.05.2018 | 8620000 | 5965334 | 1285259 | 0 | 4680075 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പറും തീയതിയും |
|---|---|---|---|---|
| 2020-21 | | 250/- | തൻസി ഇ എം, SUPPLYCO Medical Store) | 1220201908,16-02-2023 |
| 2020-21 | | 150/- | വി ജെ റെനി,(Milma, Kalloorkad) | 450100101,16-02-2023 |
| 2020-21 | | 650/- | സ്വാതി ജോസ്,PUPS Marathoor) | 1220201910,16-02-2023 |
| 2021-22 | Audit Enquiry 15 13/02/23 | 1,650/- | | 42200839,17-02-2023 |
| 2021-22 | | 3,300/- | കണ്ണിക്കാട്ട് ട്രേഡ് ലിങ്ക്സ് | 1220201980,22-02-2023 |
| 2021-22 | Audit Enquiry 15 13/02/23 | 1,080/- | പ്രൈമ ഇലക്ട്രിക്കൽസ് | 1220201999,23-02-2023 |
| 2021-22 | Audit Enquiry 15 13/02/23 | 3,600/- | കണ്ണിക്കാട്ട് ടെക്നോക്രാഫ്റ്റ് | 1220202238,08-03-2023 |

| | | | | |
|---|---|---|---|---|
| 2021-22 | Audit Enquiry 15 13/02/23 | 1,200/- | മാർ ബേസിൽ സോ മിൽ | 1220202393,17-03-2023 |
| 2021-22 | Audit Enquiry 15 13/02/23 | 2,700/- | MOONNU POOKKAL BRICKS | 1220202640,29-03-2023 |
| ആകെ | | 14,580/- | | |

4-8 സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 2(6) | 2006 –07 | 3.39.1 | മരാമത്തു പണികൾക്കും മറ്റും മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കിയില്ല. | മറുപടി സമർപ്പിച്ചിട്ടുണ്ട്. |

4-9 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,13,31,070.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,23,83,314.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,67,939.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1- 14 | 36383 | മാത്യു കെ.ടി., സെക്രട്ടറി |
| 1- 15 | 500000 | മാത്യു കെ.ടി., സെക്രട്ടറി |
| 1- 16 | 628528 | മാത്യു കെ.ടി., സെക്രട്ടറി |
| 1- 17 | 19326 | മാത്യു കെ.ടി., സെക്രട്ടറി |
| 1- 18 | 383112 | മാത്യു കെ.ടി., സെക്രട്ടറി |
| 1-20 | 28500 | ഡോ. ബ്ലെസി പോൾ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-21 | 22090 | മാത്യു കെ.ടി., സെക്രട്ടറി |
| 1-22 | 150000 | മാത്യു കെ.ടി., സെക്രട്ടറി |
| ആകെ | 1767939 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന്

ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മാത്യു കെ.ടി., സെക്രട്ടറി | സെക്രട്ടറി,<br>കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് | കൊച്ചുപുരയ്ക്കൽ, അടുക്കം(പി.ഒ.)<br>കോട്ടയം, പിൻ – 686580 |
| ഡോ. ബ്ലെസി പോൾ<br>മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി., കല്ലൂർക്കാട്, | റോസ് വില്ല,<br>ഐ.എം.എ. വില്ലേജ്,<br>കരിങ്കുന്നം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ (പി 5)769/07 തീ. 13.08.2009 |
| 1997-98 | എൽ.എഫ്.ഇ (പി 5) 84/03തീ. 05.11.2003 |
| 1998-99 | എൽ.എഫ്.ഇ (പി 5)379/07 തീ. 26.04.2008 |
| 1999-2000 | എൽ.എഫ്.ഇ (പി 5)856/01 തീ. 07.06.2002 |
| 2000-01 | എൽ. എഫ് .ഇ (പി 5)962/05 തീ.05.04.2006 |
| 2001-02 | എൽ. എഫ് .ഇ (പി 5) 1380/07 തീ.26.07.2008 |
| 2002-03 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(i) 2018/ 12.10.2018 |
| 2005-06 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(iv) 2018/ 12.10.2018 |
| 2006-07 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(v) 2018/ 12.10.2018 |
| 2007-08 | എൽ.എഫ് .ഇ (പി 5)1628/08 തീ. 12.08.2009 |
| 2008-09 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(vi) 2018/ 12.10.2018 |
| 2009-10 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(vii) 2018/ 12.10.2018 |
| 2010-11<br>2011-12 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(viii) 2018/ 12.10.2018 |
| 2012-13<br>2013-14 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(ix) 2018/ 12.10.2018 |
| 2014-15 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(x) 2018/ 12.10.2018 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി8)41/17 തീ.31.01.2017 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി8)1400/17 തീ.27.11.2017 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി8)157/19 തീ.18.03.2019 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി8)345/20 തീ.16.03.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി8)1806/2021, തീ. 06/04/2022 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി8)1807/2021, തീ. 06.04.2022 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം.(പി8)210/2023, തീ. 17.04.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 26-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kalloorkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kalloorkad Grama Panchayat for the year 2022-2023

Date: 07/10/2023

Deputy Director
District Office Ernakulam
Kerala State Audit Department

**Audit Report appended to the Audit Certificate of Kalloorkad Grama Panchayat for the Year 2022-2023.**

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. Lack of Panchayath Raj Budget rules adversely affecting budgetary control system.
3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1) Ratios and Notes are not included.

2)The following mandatory financial statements prescribed in accounting rules are not submitted for audit.

3)According to the cash flow statement, the Net Increase In Cash And Cash Equivalents is -1052244 rupees. But Net Cash Generated By Operating+Investing+Financing Activity is recorded as -8082340 rupees. Although the above two amounts should be reconciled as per accepted accounting standards, these two amounts in the statement submitted by the panchayat do not match.

4)As per Rule 58,4(a) of the Kerala Panchayat Raj Accounts Rules, only the quantity is recorded when items are taken into stock by projects. Price not listed. The stock report shall be prepared and certified by the secretary in the stock register.

5) Amounts have been received in advance for the revenues added below under the heading Other Liabilities in the Annual Financial Statements Schedule B-9. But the advance amount figures have not been recorded in the respective demand register or separate register, nor reconciled with the balance sheet and certified.

6) Property tax demand collection and balance as per annual financial statement does not match

7) The amount included in Excess income over expenditure as per schedule B1 does not match the amount of provision in the trial balance.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കല്ലൂർകാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്